"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഏഴംകുളം ഗ്രാമപഞ്ചായത്ത്- എംഎൻ ലക്ഷം വീട് ഇരട്ട വീട് ഒറ്റവീടാക്കൽ (ജനറൽ) പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.440/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 26/02/2019

---

പരാമർശം:- 1.പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31/01/2019ലെ കത്തും,
2. 05/02/2019ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.17 നമ്പർ തീരുമാനവും.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 10 എംഎൻ ലക്ഷം വീട് ഇരട്ട വീട് ഒറ്റവീടാക്കൽ (ജനറൽ) 31 ലക്ഷം രൂപ അടങ്കലോട്ടുകൂടിയ പ്രോജക്ട് നമ്പർ 120/19 പദ്ധതിക്ക് അംഗീകാരം നൽകണമെന്നു പരാമർശം ഒന്ന് കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ ആവശ്യപ്പെട്ടുകയുണ്ടായി

സർക്കാർ ഈ വിഷയം 5/2/19 തീയതിയിലെ കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. മേൽ കമ്മിറ്റിയുടെ പരാമർശ 2 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ ആദ്യ ഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിക്ക് മുടക്കം ഉണ്ടാകരുതെന്ന നിബന്ധനയോടെ പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 10 എംഎൻ ലക്ഷം വീട് ഇരട്ട വീട് ഒറ്റവീടാക്കൽ (ജനറൽ) 31 ലക്ഷം രൂപ അടങ്കലോട്ടുകൂടിയ പ്രോജക്ട് നമ്പർ 120/19 പദ്ധതിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട
സെക്രട്ടറി, ഏഴംകുളം ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ